**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 584** | **24-08-2022 - ൽ മറുപടിയ്ക്ക്**

**'മെറ്റൽ ഇൻഡസ്ട്രീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ സ്ഥിതി ചെയ്യുന്ന "മെറ്റൽ ഇൻഡസ്ട്രീസ്" എന്ന സ്ഥാപനം ആധുനികവത്കരിക്കുന്നതിനും കാലഘട്ടത്തിനനുസരിച്ച് പുതിയ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (എ) | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ആധുനികവത്ക്കരണവുമായി ബന്ധ-പ്പെട്ട് 3 ടൺ ഹാർമറും (ഓപ്പൺ ഡൈ ഫോർജിംഗ് ഫെസിലിറ്റി) റീജീയണൽ ഷോറൂമുകളും സ്ഥാപിക്കുന്നതിനായി 292 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും അതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, കമ്പനിയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പെട്രോൾ പമ്പ് പോലുള്ള സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | 2016 മുതൽ 2021 വരെയുള്ള കാലയളവിൽ പ്രസ്തുത സ്ഥാപനം നടത്തിയ ബിസിനസിന്റെ ലാഭം എത്രയാണെന്ന് വ്യക്തമാക്കുമോ ? | (ബി) | 2016 - 2021 വരെയുള്ള കാലയളവിൽ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് നഷ്ടത്തിലാണ് പ്രവർത്തിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ